## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1301 — 06-03-2020-ന് മറുപടിയ്ക്ക്

### ഓരോ വിളയ്ക്കും പ്രത്യേക കാർഷിക മേഖലകൾ

| ചോദ്യം<br><br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കാരാട്ട് റസാഖ് | | ഉത്തരം<br><br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഓരോ വിളയുടെയും കൃഷിക്ക് ഏറ്റവും അനുയോജ്യവും ആ വിളയ്ക്ക് പരമാവധി ഉല്പാദനം സാധ്യമാകുന്ന കാലാവസ്ഥയുള്ളതുമായ മേഖലകളെ പ്രത്യേക കാർഷിക മേഖലകളായി തിരഞ്ഞെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം വിളകൾക്കാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ എന്നീ 5 വിളകൾക്കായി 14 പ്രത്യേക കാർഷിക മേഖലകൾക്ക് (Special Agricultural Zone) അംഗീകാരം നൽകിയിട്ടുണ്ട്.<br>**നെല്ല്** - കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്. കൈപ്പാട്, വയനാട് (7 എണ്ണം)<br>**പച്ചക്കറി** - ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ, നെന്മാറ (4 എണ്ണം)<br>**വാഴ** - തൃശ്ശൂർ (1 എണ്ണം)<br>**പൂക്കൾ** - വയനാട് (1 എണ്ണം)<br>**തെങ്ങ്** - കോഴിക്കോട് (1 എണ്ണം)<br>കൂടാതെ ആദിവാസി മേഖലയിലെ സമഗ്ര വികസനത്തിനായി ട്രൈബൽ അഗ്രിക്കൾച്ചർ എന്ന പേരിൽ അട്ടപ്പാടി പ്രദേശത്ത് മില്ലറ്റ് വില്ലേജ് പദ്ധതിയും നടപ്പിലാക്കുന്നു.<br>കാലാവസ്ഥാ വ്യതിയാനത്തിന്റെയും തുടരെയുണ്ടാകുന്ന വരൾച്ച, വെള്ളപ്പൊക്കം എന്നിവയുടെയും പശ്ചാത്തലത്തിൽ മണ്ണ്, കാലാവസ്ഥ എന്നിവയെ അടിസ്ഥാനപ്പെടുത്തി പുഃനർനിർണ്ണയിക്കുന്ന 5 കാർഷിക പാരിസ്ഥിതിക മേഖലകൾക്കും (Agro Ecological Zones) ഇതിൽപ്പെട്ട 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകൾക്കും (Agro Ecological Units) അനുയോജ്യമായ വിളക്രമം നിശ്ചയിച്ച് നടപ്പിലാക്കുവാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രത്യേക കാർഷിക മേഖലകളിൽ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളുടെ വിപണനത്തിനും മൂല്യവർദ്ധനവിനും രോഗ-കീട നിയന്ത്രണത്തിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തിവരുന്നതെന്ന് അറിയിക്കാമോ? | (സി) | കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും, മൂല്യവർദ്ധനവിനുമുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന പ്രോജക്ട് അധിഷ്ഠിത സഹായവും, സാങ്കേതിക സഹായവും നല്കിവരുന്നു. ചെറുകിട ഇടത്തരം സംരംഭകർക്ക് വ്യവസായ വകുപ്പിൽ നടപ്പിലാക്കി വരുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സഹായമാണ് ലഭ്യമാക്കുന്നത്. പരമാവധി ഒരു യൂണിറ്റിന് 50 ലക്ഷം രൂപ വരെ ധനസഹായം നല്കുന്നുണ്ട്. സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ അനുവദിച്ച ശേഷമാണ് സബ്സിഡി നല്കുന്നത്. സ്വയം സഹായ സംഘങ്ങൾക്കും, വ്യക്തിഗത യൂണിറ്റുകൾക്കും മൈക്രോ ലെവൽ സംരംഭങ്ങൾ തുടങ്ങുന്നതിനും സഹായം നല്കുന്നുണ്ട്. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനവും എസ്.എഫ്.എ.സി. വഴി നല്കുന്നുണ്ട്.<br>സംസ്ഥാനത്ത് മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും, അതുവഴി സുസ്ഥിര വികസനം സാദ്ധ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. നാളികേരം, വാഴപ്പഴം, പച്ചക്കറി, തേൻ, മാമ്പഴം എന്നീ വിള അധിഷ്ഠിത അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനാണ് ആദ്യ ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. ടി പാർക്കുകൾ പ്രവർത്തന സജ്ജമാകുന്നതോടെ കർഷകർക്കും/സംരംഭകർക്കും തങ്ങളുടെ ഉല്പന്നങ്ങൾക്ക് ഉയർന്നവില ലഭിക്കുന്നതിന് സഹായകമാകുന്നതാണ്.<br>കാർഷിക വിളകളുടെ മൂല്യ വർദ്ധിത സാദ്ധ്യത മനസ്സിലാക്കുന്നതിനും, കാർഷിക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ കഴിഞ്ഞ 4 വർഷമായി 'വൈഗ' എന്ന പേരിൽ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും നടപ്പാക്കി വരുന്നുണ്ട്.<br>കാർഷിക ഉല്പന്നങ്ങളുടെ വില തകർച്ച നേരിടുന്ന കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിറ്റഴിക്കുന്നതിന് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 6 കാർഷിക മൊത്ത വ്യാപാര വിപണികൾ പ്രവർത്തിച്ച് വരുന്നുണ്ട്. ടി വിപണികളിൽ ലേല സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. കൂടാതെ പച്ചക്കറി വികസന പദ്ധതി പ്രകാരം കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ ന്യായമായ വിലയ്ക്ക് ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് വിറ്റഴിക്കുന്നതിനുള്ള സംവിധാനം, ബ്ലോക്ക് ലവൽ ഫെഡറേറ്റഡ് മാർക്കറ്റുകൾ, എ ഗ്രേഡ് ക്ലസ്റ്റർ വിപണികൾ എന്നിവയിലൂടെ നടപ്പിലാക്കി വരുന്നു. വിപണി ശക്തിപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി ആഴ്ച ചന്തകളും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ സർക്കാർ ഏജൻസിയായ വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ രൂപീകരിച്ച് വിപണന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വരുന്നുണ്ട്. ടി വിപണികളിൽ ലേല |

| | | | |
|---|---|---|---|
| | | | സംവിധാനത്തിലൂടെയാണ് പഴം, പച്ചക്കറികൾ വിറ്റഴിച്ച് വരുന്നത്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് ഈ സംവിധാനങ്ങൾ സഹായകരമാകുന്നുണ്ട്. കൂടാതെ ഹോർട്ടികോർപ്പ്, ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കർഷകരിൽ നിന്നും കർഷക കൂട്ടായ്മകളിൽ നിന്നും, കാർഷിക മൊത്ത വ്യാപാര വിപണികളിൽ നിന്നും, കാർഷികോല്പന്നങ്ങൾ ന്യായവിലയ്ക്ക് സംഭരിച്ച് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ 'കർഷക മിത്ര' എന്ന സംവിധാനത്തിലൂടെ കർഷകരുടെ വീട്ടുകളിൽ നിന്നും അധികമുള്ള കാർഷികോല്പന്നങ്ങൾ ശേഖരിച്ച് മറ്റ് വീട്ടുകളിലും വിപണികളിലും വിറ്റഴിക്കുന്നുണ്ട്.<br>കൃഷി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനും, കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗ ബാധയെപ്പറ്റി മുൻകൂട്ടി അറിവ് നല്കുന്നതിനും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും കർഷകർക്ക് ശാസ്ത്രീയ നിർദ്ദേശങ്ങൾ നല്കുന്നതിനായി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പഞ്ചായത്തുതലത്തിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ, തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരായ പ്രതിരോധ മാർഗ്ഗങ്ങൾ കാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അവിചാരിത കാരണങ്ങളാൽ കീടരോഗബാധമൂലം വ്യാപകമായി കൃഷി നാശം സംഭവിച്ചാൽ അത്തരം സന്ദർഭങ്ങൾ നേരിടുന്നതിന് കീടരോഗബാധയുടെ തോത് കണക്കാക്കി സസ്യ സംരക്ഷണ വസ്തുക്കൾ വാങ്ങുന്നതിനും, സ്പ്രേയിംഗ് ചെലവുകൾക്കും ധനസഹായം നല്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**